സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ദിവസവേതന ഡ്രൈവർ, വാച്ചർ (കല്ല്യാണ മണ്ഡപം/ഗസ്റ്റ്ഹൗസ്) എന്നിവരെ പ്രതിമാസ വേതന പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 4905/19/Est-1** നന്തൻകോട് **14/08/2023**

---

പരാമർശം :- 1) 02-06-2023 ലെ മേൽ നമ്പർ ഉത്തരവ്.
2) 29-06-2023 ലെ മേൽ നമ്പർ ഉത്തരവ്.
3) ചീഫ് എഞ്ചിനീയറുടെ 29-07-2023 ലെ CE/Estt-IV/GL/2022/02 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നവരുടെ വേതനം വർദ്ധിപ്പിച്ചും പ്രതിമാസ വേതന പരിധി നിശ്ചയിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു (പരാമർശം -1, 2).

ബഹുമാനപ്പെട്ട പ്രസിഡന്റ്, മെമ്പർ എന്നിവരുടെ പേഴ്സണൽ ഡ്രൈവർ ആയി ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർ, പ്രതിമാസ വേതന പരിധി കണക്കാക്കുമ്പോൾ നിലവിൽ ലഭിച്ചുവരുന്ന വേതനത്തിൽ കുറവ് വരുമെന്നും വിവരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ദിവസവേതന ജീവനക്കാരുടെ പ്രതിമാസ വേതന പരിധിയിൽ നിന്നും ഡ്രൈവർമാരെ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും വിവരിച്ച് ചീഫ് എഞ്ചിനീയറുടെ പരാമർശം 2 റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഡ്രൈവർ, വാച്ചർ തസ്തികകളിലെ ജോലി സ്വഭാവം കണക്കിലെടുത്തും ദിവസവേതനാടിസ്ഥാനത്തിൽ ബഹു: പ്രസിഡന്റ്, മെമ്പർ എന്നിവരുടെ പേഴ്സണൽ ഡ്രൈവർ ആയി ജോലി നോക്കുന്നവരെയും കല്ല്യാണ മണ്ഡപം/ഗസ്റ്റ്ഹൗസ് എന്നിവിടങ്ങളിൽ വാച്ചർ/അറ്റൻഡന്റായി ജോലി നോക്കുന്നവരെയും പരാമർശം 2 ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ വേതനപരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(മറുപുറം)

പ്രസ്തുത ഉത്തരവിന് 01-08-2023 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ് /ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ബഹു: പ്രസിഡന്റിന്റെ പേഴ്സണൽ സെക്രട്ടറി
4. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറി
5. ബഹു: മെമ്പറുടെ പേഴ്സണൽ സെക്രട്ടറി
6. ഐ.റ്റി. ഡിവിഷൻ
7. സെക്ഷൻ ഫയൽ
8. ഫയൽ ബുക്ക്
9. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK